"ഞങ്ങളുടെ സർക്കാരാണ് ദില്ലിയിലും മുംബയിലും പക്ഷെ ഞങ്ങളുടെ ഗ്രാമത്തിൽ ഞങ്ങൾ തന്നെയാണ് സർക്കാർ" മഹാരാഷ്ട്രയിലെ ഗട്ചറോളി ജില്ലയിലെ മേന്തയിലെ ആദിവാസി ഗോണ്ട് ഗോത്രത്തോടൊപ്പം രണ്ട് ദിവസം താമസിച്ച ലേഖകൻ ഗോത്രസമൂഹത്തിന്റെ ഭരണ-സാമൂഹിക സംവിധാനങ്ങളെക്കുറിച്ചും ആധുനികസംസ്കൃതികളുടെ പാകപിഴകളെ ഓർമ്മപ്പെടുത്തുന്ന അവരുടെ തനത് ചുറ്റുപാടുകളെക്കുറിച്ചും ഗോത്രജൈവികതയുടെ നന്മകളെക്കുറിച്ചും എഴുതുന്നു.

# ഗോത്രസമൂഹം നൽകുന്ന പാഠങ്ങൾ

കെ. ബഷീർ

മനുഷ്യസമൂഹം തീരുമാനങ്ങളെടുക്കുന്ന (decision making)തിന് പ്രധാനമായുംഅഞ്ച് രീതികളാണ് അവലംബിക്കുന്നത്.

1) ഏകാധിപത്യം-സ്വയാധിപത്യം (autocracy)

ഒരാൾ മറ്റെല്ലാവർക്കും വേണ്ടി തീരുമാനിക്കുന്നു. ഇതിനായി അധികാരം, വിശ്വാസങ്ങൾ, ആചാരങ്ങൾ, പ്രാദേശികം മുതലായ താല്പര്യങ്ങൾ മുതലെടുക്കുന്നു.

2) പ്രമാണിവാഴ്ച / സ്വല്പജനവാഴ്ച (oligarchy)

വിരലിലെണ്ണാവുന്ന ചിലർ എല്ലാവർക്കും വേണ്ടി തീരുമാനമെടുക്കുന്നു.

3) പ്രാതിനിധ്യ ജനാധിപത്യം (representative)

എല്ലാവർക്കും വേണ്ടി തീരുമാനമെടുക്കാൻ എല്ലാവരും കൂടി കുറച്ചു പേരെ തെരഞ്ഞെടുക്കുന്നു.

4) ഭൂരിപക്ഷ ജനാധിപത്യം (majority rule democracy)

ഭൂരിപക്ഷമുള്ളവർ (മൂന്നിൽ രണ്ട്, നാലിൽമൂന്ന്, അഞ്ചിൽ മൂന്ന്) തീരുമാനമെടുക്കുന്നു.

5) സർവ്വസമ്മത ജനാധിപത്യം (consensus democracy)

എല്ലാവർക്കും വേണ്ടി എല്ലാവരും കൂടി തീരുമാനമെടുക്കുന്നു. ഇതിൽ എല്ലാ അംഗങ്ങൾക്കും വീറ്റോ അധികാരം ഉണ്ട്.

മാനവ ചരിത്രത്തിൽ മേൽപറഞ്ഞതിൽ ആദ്യത്തെ നാലുരീതികളും ഉപയോഗിച്ചത് കാണാം. എന്നാൽ അടിസ്ഥാനപരമായി ജനങ്ങളുടേയും സമൂഹത്തിന്റെയും പരിസ്ഥിതിയുടെയും പ്രശ്നപരിഹാരങ്ങൾക്ക് ഈ രീതികൾ തൃപ്തിദായകമല്ലെന്നു തെളിഞ്ഞിരിക്കുന്നു. ഈ രീതികൾകൊണ്ട് ഭിന്നതകളും അനീതിയും അധർമ്മവും ഹിംസയും വർദ്ധിക്കുന്നു. ജനങ്ങളെ ശാക്തീകരിക്കുന്നതിന് പകരം ജനങ്ങളെ ചൂഷണം ചെയ്യുന്നവരെയും ഭരിക്കുന്നവരെയും പ്രമാണിമാരെയുമാണ് ശാക്തീകരിക്കുന്നത്.

### സർവ്വസമ്മത ജനാധിപത്യം (Consensus democracy)

മേൽകൊടുത്തതിൽ അവസാനത്തെ രീതിയായ സർവ്വസമ്മത ജനാധിപത്യരീതി ഒരിടത്തും പൂർണ്ണമായ തോതിൽ നടപ്പാക്കുകയോ പരീക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഗാന്ധിജിയും വിനോബജിയും ഗ്രാമസ്വരാജിനായി ഈ വഴി നിർദ്ദേശിച്ചിരുന്നെങ്കിലും പ്രാവർത്തികമാക്കപ്പെട്ടില്ല. മറ്റുള്ളവർ (ഇവരുടെ അനുയായികളടക്കം) ഉട്ട്യോപ്യനായി മുദ്രകുത്തി ഈ രീതിയെ തള്ളിക്കളയുകായാണുണ്ടായത്. ഈ രീതിയിലുള്ള പരീക്ഷണത്തിൽ മഹാരാഷ്ട്രയിലെ ഗട്ചിറോളി ജില്ലയിലെ ധനുരാ താലൂക്കിലെ മേന്തലേഖയെന്ന് ഗോത്രവർഗ്ഗഗ്രാമത്തിലെ ഗോണ്ട് സമൂഹം ലോകത്തിനാകെ മാതൃകയാകുന്നു. 84 കുടുംബങ്ങളും 434 ജനസംഖ്യ (മാർച്ച് 2007) യുമുള്ള ഈ ഏകാത്മക (Homogencous) ഗോത്രവർഗ്ഗ ഗ്രാമം 1987 മുതൽ ഈ പ്രക്രിയയിൽ വിജയകരമായി മുന്നേറികൊണ്ടിരിക്കുന്നു. ഗ്രാമത്തിലെ അനിഷേധ്യനായ ദേവാജിതോഫയുടെയും ഗ്രാമത്തിന്റെ പാരമ്പര്യവും സർവ്വസമ്മത ജനാധിപത്യരീതിയും പഠന - ഗവേഷണ വിഷയമാക്കിയവിടെയെത്തിയ മോഹൻലാൽ ഹിരാബായ് ഹിരാൽ എന്ന സാമൂഹ്യശാസ്ത്രജ്ഞനും അനിതരസാധാരണമായ ഈ പ്രക്രിയക്ക് നേതൃത്വം നൽകുന്നു.

### ജനാധിപത്യത്തിന്റെ ആധുനികരീതി

സർവ്വസമ്മത ജനാധിപത്യരീതി (Consensus democracy)തീരുമാനങ്ങളെടുക്കുന്നതിലുള്ള ഏറ്റവും ആധുനികരീതിയാണ്. സംഘാംഗങ്ങളെല്ലാം കൂടിയെടുക്കുന്ന കൂട്ടായ തീരുമാനം ഇവിടെ ഉരുത്തിരിയുന്നു. എല്ലാവർക്കും സ്വീകാര്യമായ എല്ലാവർക്കും അംഗീകരിക്കാവുന്ന തീരുമാനത്തിൽ മാത്രം എത്തുന്നു. കൂടുതൽ ഉത്തമമായ തീരുമാനത്തിലെത്തുന്നതിനുപുറമെ അംഗങ്ങൾ തമ്മി



ലുള്ള വിശ്വാസവും കൂട്ടായ്മയും ഉത്തരവാദിത്തവും ആത്മവിശ്വാസവും സ്വാർത്ഥതബോധവും നാൾക്കുനാൾ വർദ്ധിക്കുന്നു. അനന്തമായ ഒരു ശക്തിയും ആത്മവിശ്വാസവും അനുഭവപ്പെടുന്നു.

### ജനാധിപത്യരീതികളുടെ താരതമ്യം (സർവ്വസമ്മതരീതിയും ഭൂരിപക്ഷവോട്ടിങ്ങ് രീതിയും)

സർവ്വസമ്മത ജനാധിപത്യരീതിയിൽ എല്ലാ അംഗങ്ങളുടെയും അറിവും അനുഭവവും വിചാരവികാരങ്ങളും ക്രോഡീകരിക്കുന്നു. നിലവിലുള്ള വിവിധ വസ്തുക്കളും സാദ്ധ്യതകളും വിവിധ തരത്തിലും ദിശയിലും പരിഗണിച്ച് ഉന്നതമായതൊന്നിനെ വാർത്തെടുക്കുന്നു. മറിച്ച് പ്രാതിനിധ്യ ഭൂരിപക്ഷരീതിയിൽ നിലവിലുള്ളതുകകളിൽ നിന്ന് ഒന്നിനെ തിരഞ്ഞെടുക്കുന്നു. ഇത് വഴി ന്യൂനപക്ഷത്തെ തോൽപിക്കുന്നു. ആദ്യരീതിയിൽ എല്ലാ അംഗങ്ങളെയും കേൾക്കുന്നു, മാനിക്കുന്നു, തുല്യാവസരം ഉറപ്പുവരുത്തുന്നു. രണ്ടാമത്തെതിൽ ജയിക്കുകയോ തോല്ക്കുകയോ മാത്രം. അതിനാൽ ന്യൂനപക്ഷം അവഗണിക്കപ്പെടുന്നു. എണ്ണത്തിന്റെ ഭൂരിപക്ഷത്തിന്റെ കണക്കാണിവിടെ പ്രധാനം. അതിനായി ലോബിയിങ്ങും അധാർമികതയും സർവ്വത്ര ഗുണത്തെയും ധാർമ്മികതയെയും ആത്മീയതയെയും വികാരത്തെയും ഇവിടെ അവഗണിക്കപ്പെടുന്നു. ഇത് ഛിദ്രീകരണത്തിലും ലക്ഷ്യനിരാസത്തിലുമെത്തുന്നു.

### ഫലപ്രദമാകുന്നതിന്

എല്ലാ അംഗങ്ങൾക്കും യോജിക്കാനും വിയോജിക്കാനുമുള്ള അവസരവും അവകാശവും ഉണ്ടെങ്കിലും ഫലപ്രദമാവാൻ ഒരു സംഘത്തിന് 1) പൊതുമൂല്യങ്ങൾ 2) അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാനും നിലനിർത്താനുമുള്ള നൈപുണ്യം 3) വ്യക്തികൾക്ക് സംഘത്തോടുള്ള വിധേയത്വം ഉത്തരവാദിത്തവും 4) എല്ലാവർക്കും പങ്കെടുക്കാൻ ആവശ്യമായ സമയം എന്നിവ പ്രാധാന്യമർഹിക്കുന്നു. ഒരു പ്രമേയം കൂട്ടായ്മയിൽ ഭേദഗതിചെയ്യപ്പെടുകയോ കൂട്ടിചേർക്കപ്പെടുകയോ മുന്നോട്ടുനീങ്ങാത്ത ഒരവസ്ഥയിൽ പിൻവലിക്കപ്പെടുകയോ ചെയ്യുന്നു. ഓരോ അംഗത്തിനും സംസാരിക്കാനും സന്ധിയാവാനും കൂട്ടിച്ചേർക്കാനും വിയോജിക്കാനും അവസരം ലഭിക്കുന്നു.

### യോഗരീതികൾ

സർവ്വസമ്മത ജനാധിപത്യരീതിയിലുള്ള യോഗങ്ങളിൽ ഒരു ഫെസിലിറ്റേറ്ററും നിരീക്ഷികനും മിറ്റുട്സ് തയ്യാറാക്കുന്നവനും സമയനിഷ്ഠപാലിക്കുന്നവനുമടക്കം നാലുപേർക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും. ഫെസിലിറ്റേറ്റർ അഥവാ സഹായി അംഗങ്ങളെ വ്യക്തിതയിലും ചർച്ചയിലും തീരുമാനങ്ങളിലെത്തുന്നതിനും നടപ്പാക്കുന്ന വഴികളിലെത്തിക്കുന്നതിനും ചുമതലപ്പെട്ടവനാണ്. എല്ലാവർക്കും അഭിപ്രായങ്ങളവതരിപ്പിക്കാനുള്ള അവസരം ഉറപ്പുവരുത്തുന്നവനും ചർച്ചകളെ വഴിവിട്ടുപോകാതെ സൂക്ഷിക്കുന്നവരും പക്ഷം പിടിക്കാത്തവരുമായിരിക്കണമിയാൾ. നിരീക്ഷകൻ യോഗത്തിന്റെ പൊതു - വിഭാഗീയ - വ്യക്തീയ അഭിപ്രായങ്ങളും പുസ്തകത്തിൽ രേഖപ്പെടുത്തണം. മിനുട്സ് തയ്യാറാക്കുന്നവർ യോഗത്തിൽ നടക്കുന്ന മുഴുവൻ കാര്യങ്ങളും ചർച്ചകളും രേഖപ്പെടുത്തണം. സമയക്കാരൻ (time keeper) തീരുമാനമനുസരിച്ച് സമയബന്ധിതമായി കാര്യങ്ങൾ നീങ്ങാൻ വേണ്ടതുചെയ്യണം.

### ജനാധിപത്യരീതികളുടെ താരതമ്യം

നിലവിലുള്ള ജനാധിപത്യരീതികൾ പ്രാതിനിധ്യ ഭൂരിപക്ഷരീതികളാണ്. അവയുടെ ഈറ്റില്ലം യൂറോപ്പാണെന്നു പറയപ്പെടുന്നു. ഭൂരിപക്ഷത്തെ മാനിക്കുമ്പോൾ ന്യൂനപക്ഷത്തെ അവഗണിക്കുന്നു. വിഭവങ്ങളും സാമർത്ഥ്യവും വഴി ലോബിയിങ്ങിനു കഴിവുള്ളവർ എന്നും മേൽക്കൈ നേടുന്നു. ഇതുവരെ ജനപ്രതിനിധികൾപോലും ജനങ്ങളുടെ താല്പര്യങ്ങൾ അവഗണിക്കുന്നു. തങ്ങളുടെ പ്രതിനിധിയെ ഈ വ്യവസ്ഥയിൽ തെരഞ്ഞെടുക്കാനുള്ള അവകാശവും അധികാരവും പ്രതിനിധിക്കാണ്. ഭൂരിപക്ഷത്തിന്റെ പേരു പറഞ്ഞ് ജനതാല്പര്യത്തിൽനിന്നും അദ്ദേഹം വ്യതിചലിച്ചാലും കുഴപ്പമില്ല. തെരഞ്ഞെടുത്തുകഴിഞ്ഞാൽ ജനതാല്പര്യം അവഗണിക്കാം. അതിനാൽ തെരഞ്ഞെടുപ്പിന് മുമ്പ് സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പിനു ശേഷം പൊതുജനവും യാചകരാണ്. പൂർണ്ണമായും ശരിയാണെന്നുതോന്നുന്ന ഒരു കാര്യത്തിൽപോലും ഭൂരിപക്ഷത്തിന്റെയും ലോബിയിങ്ങിന്റെയും കാലുമാറ്റത്തിന്റെയും പേരിൽ ശരിയായ തീരുമാനങ്ങളില്ലാതെ വരുന്നു. അതുവഴി പൊതുജനങ്ങളുടെ അവകാശങ്ങൾ തട്ടിയെടുക്കപ്പെടുന്നു.

*(തുടരും)*

*സുജീവനം, പയ്യനടം പി.ഒ.,*
*മണ്ണാർക്കാട്*

**ഹിംസ ഒഴിവാക്കി**
**വെജിറ്റേറിയൻ ക്രിസ്മസ്സ്**
**2009 ഡിസംബർ 20ന് ഞായർ**
**4 മുതൽ തൃശൂർ സാഹിത്യ അക്കാദമിയിൽ**
**വെജിറ്റേറിയൻ മിഷൻ**
**96 33 76 09 03, 98 95 14 89 98**